(ബി) നിലവിൽ ഗ്രാന്റ് നൽകുന്നുണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിച്ചുനൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് മങ്ങാട്ട് ഭട്ടതിരി ദേവസ്വം ബോർഡിന് നിവേദനം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) 800 രൂപ നൽകുന്നുണ്ട്.

(ബി) ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.

(സി) ബോർഡിൽ നിവേദനം ലഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ക്ഷേത്രങ്ങൾക്ക് സഹായം**

**238 (1709)** ശ്രീ. ജോർജ്ജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് സഹായം അനുവദിച്ചുവെന്നും എത്ര വീതമെന്നും വർഷം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിച്ച ക്ഷേത്രങ്ങളുടെ പേര്, അനുവദിച്ച വർഷം, അനുവദിച്ച തുക എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ നടപടി**

**239 (1710)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി അന്യാധീനപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ഷേത്രങ്ങളുടെ കീഴിലുള്ള ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ കണ്ണൂർ ജില്ലയിൽ ഏതൊക്കെ ക്ഷേത്രങ്ങളുടെ ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്തിയെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ക്ഷേത്രങ്ങളുടെയും കീഴിലുള്ള ഭൂമി സർവ്വെ നടത്തി തിട്ടപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly